(സി) പ്രസ്തുത താലൂക്കിലെ ഉപ്പള, കുമ്പള എന്നിവിടങ്ങളിൽ സ്റ്റാമ്പ് വെണ്ടർ ഇല്ലാത്തതിനാൽ മുദ്രപ്പത്രങ്ങൾ, റവന്യൂ/കോർട്ട്ഫീ സ്റ്റാമ്പുകൾ എന്നിവ ലഭിക്കുന്നതിനായി പൊതുജനങ്ങൾ 10 മുതൽ 30 കിലോമീറ്റർ വരെ സഞ്ചരിച്ച് പ്രയാസമനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മഞ്ചേശ്വരം താലൂക്കിൽ നിലവിൽ രണ്ട് വെണ്ടർമാർ പ്രവർത്തിക്കുന്നുണ്ട്. വെണ്ടർമാരുടെ കുറവ് കാരണം പ്രദേശത്തെ ജനങ്ങൾക്ക് സ്റ്റാമ്പ് പേപ്പറുകൾ ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇതിന് പരിഹാരമായി പ്രസ്തുത സ്ഥലങ്ങളിൽ ഈ വർഷം തന്നെ സ്റ്റാമ്പ് വെണ്ടർമാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കാമോ?

സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല.

നിയമ ഭേദഗതികൾ പ്രസിദ്ധീകരിക്കുന്നതിന് നടപടി

98(3530) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ ഏതൊക്കെയാണെന്നുള്ള ക്രോഡീകരിച്ച പട്ടിക ലഭ്യമാക്കുമോ; ഇത്തരത്തിൽ നിയമങ്ങളുടെ പട്ടിക ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ലഭ്യമാക്കാവുന്നതാണ് (ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട് *)നിയമ (ലെഗ്. പബ്ലിക്കേഷൻ) വകുപ്പ്.

(ബി) കാലാകാലങ്ങളിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമം പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാറുണ്ടോ?

നിയമ വകുപ്പിലെ ബന്ധപ്പെട്ട നിയമനിർമ്മാണ വകുപ്പുകളിൽനിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക്, കാലാകാലങ്ങളിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട്, സംസ്ഥാന നിയമങ്ങൾ പുനഃപ്രസിദ്ധീകരിക്കാറുണ്ട്.

(സി) ഇത്തരത്തിൽ ഭേദഗതികൾ ഉൾപ്പെടുത്തിയിട്ടുള്ള നിയമം പലപ്പോഴും പൊതുജനത്തിന് പരിശോധിക്കാൻ ലഭ്യമാകാത്തത്, നിയമം തെറ്റായി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യാഖ്യാനിക്കാൻ ഇടയാക്കപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമങ്ങൾ സമയാസമയങ്ങളിൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല; ഓരോ നിയമത്തിലും ഉണ്ടാകുന്ന ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് നിയമങ്ങൾ സമയാസമയങ്ങളിൽ പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിയമനിർമ്മാണ വകുപ്പുകൾ ഓരോ വർഷവും പുറപ്പെടുവിക്കുന്ന ആക്ടുകളും ഓർഡിനൻസുകളും ഈ വകുപ്പിൽ നിന്നും ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ അതതു വർഷം ഗവണ്മെന്റ് പ്രസ്സിൽ നിന്നും പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ പത്തു വർഷം കൂടുമ്പോൾ സംസ്ഥാനത്തിന് ബാധകമായിട്ടുള്ള നിയമങ്ങൾ അടങ്ങിയ ലിസ്റ്റ് ഓഫ് എനാക്ട്മെന്റ്സ്, കേരള കോഡ് എന്നീ പ്രസിദ്ധീകരണങ്ങളും, നിയമനിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ നിശ്ചിത എണ്ണം ഗവണ്മെന്റ് പ്രസ്സിൽ നിന്നും വില നിശ്ചയിച്ച് ലഭ്യമാക്കാറുണ്ട്.

(ഡി) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പട്ടിക ലഭ്യമാക്കുമോ; കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തയ്യാറാക്കിയിട്ടുണ്ട്; ലഭ്യമാക്കാവുന്നതാണ്; കാലഹരണപ്പെട്ട 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള " 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ" 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും ആയത് അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. 14-ാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതോടുകൂടി പ്രസ്തുത ബിൽ ഭരണഘടനയുടെ 196-ാം അനുച്ഛേദം (5)-ാം ഖണ്ഡപ്രകാരം ലാപ്സായിട്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ ഉൾപ്പെടുന്ന 102 ആക്ടുകൾ ഉൾപ്പെടുത്തി കരട് ബിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ നിയമനിർമ്മാണ വകുപ്പ് സ്വീകരിച്ചു വരികയാണ്. കാലഹരണപ്പെട്ട നിയമങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്;* കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും കാലോചിതമായി പരിഷ്കരിക്കാനും നടപടി സ്വീകരിച്ചുവരുന്നു. കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള ശിപാർശകൾ ഉൾപ്പെടെ സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കുന്നതിലേയ്ക്കായി 9-3-2017-ലെ G.O.(MS) No.45/2017/LAW നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.ടി. തോമസ് അദ്ധ്യക്ഷനായ നിയമപരിഷ്കരണ കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly